

# ചെങ്ങറ സമരം പിന്നിട്ട 795 ദിനങ്ങൾ

കൃഷിഭൂമിക്കും മെച്ചപ്പെട്ട ജീവിതത്തിനുമായി കേരളത്തിലെ ഭൂരഹിതരും ആദിവാസികളും ദളിതരും നടത്തിയ ഐതിഹാസികമായ ചെങ്ങറ സമരം സർക്കാരുമായി ഒത്തുതീർപ്പുവ്യവസ്ഥകളിൽ എത്തിച്ചേരാനിടയായ സാഹചര്യവും ചരിത്രപരമായ നേട്ടമെന്ന് നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിച്ച ഭൂപരിഷ്കരണ ഭൂതകാലത്തെ പോസ്റ്റ്മോർട്ടം ചെയ്ത ഈ ജനകീയ സമരത്തിന്റെ നാൾവഴികളും വിചിന്തനം ചെയ്യപ്പെടാനുള്ള സമയമാണിത്. ഒപ്പം നിക്ഷേപകർക്കായി മാത്രം തുറന്ന് കൊടുക്കാനുള്ള ഉപഭോഗവസ്തുവായി മാത്രം പരിണമിച്ച ഭൂമിയുടെ യഥാർത്ഥ അവകാശത്തെക്കുറിച്ചും സിവിൽസമൂഹത്തിന്റെയും സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും ജനാധിപത്യപരമായ വളർച്ച ഭയപ്പെടുന്ന കുത്തകസമരപാർട്ടി തങ്ങളുടെ ഫാസിസ്റ്റ് മെഷിനറി ഉപയോഗിച്ച് ജനകീയ സമരങ്ങളെ തകർക്കാൻ നടത്തുന്ന ശ്രമങ്ങളെ പ്രതിരോധിക്കേണ്ട വിധത്തെകുറിച്ചുമുള്ള ആലോചനകൾക്ക് ചെങ്ങറ വഴിതുറന്നിടുന്നു.

• നിരീക്ഷണം

## സാമൂഹ്യ വികാസത്തിന്റെ ചരിത്രത്തിലെ നിർണ്ണായക വിജയം

എസ്. രാജീവൻ

കേരളത്തിൽ ഏറെ കോളിളക്കം സൃഷ്ടിച്ച ചെങ്ങറ ഭൂസമരം 796-ാം ദിവസം 2009 ഒക്ടോ: 5 ന് ഒത്തുതീർപ്പായി. 27 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമിയും ഒന്നേകാൽ ലക്ഷം രൂപയും (വീടിന്) ഒരു സെന്റു ഭൂമിപോലും സ്വന്തമായില്ലാത്ത 832 പട്ടികജാതി കുടുംബങ്ങൾക്ക് അരയേക്കറും ഒരു ലക്ഷം രൂപയും അഞ്ചു സെന്റിൽ താഴെയുള്ള 573 കുടുംബങ്ങൾക്ക് 10 മുതൽ 25 സെന്റ് വരെ ഭൂമിയും എഴുപത്തയ്യായിരം രൂപയും 5 സെന്റിനു മുകളിൽ ഭൂമിയുള്ള 306 കുടുംബങ്ങൾക്ക് 75000 രൂപ വീതവും നൽകും. സമരഭൂമിയിൽ മരണമടഞ്ഞ 13 പേരുടെ കുടുംബത്തിന് സഹായധനം നൽകുക, സമരക്കാർക്കെതിരെ എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കുക, ഹാരിസണിന്റെ തോട്ടങ്ങൾ അളക്കുന്നതിന്റെ ഭാഗമായി ആദ്യം ചെങ്ങറത്തോട്ടം അളക്കുക, പാക്കേജ് നടപ്പിലാക്കിയതിനുശേഷം മാത്രം സമരഭൂമി ഒഴിയുക, തുടങ്ങിയ വ്യവസ്ഥകളാണ് ഒത്തുതീർപ്പിലുള്ളത്. ദോഷൈകദൃക്കുകളായ ചില ദളിത് സംഘടനാനേതാക്കളൊഴികെ മറ്റെല്ലാ ജനവിഭാഗങ്ങളും പത്രമാദ്ധ്യമങ്ങളും ചരിത്രപരമായ വിജയം എന്നാണ് ഒത്തുതീർപ്പിനെക്കുറിച്ച് വിശേഷിപ്പിച്ചത്.

ചെങ്ങറ സമരം അന്യന്റെ ഭൂമിയിലുള്ള അന്യായമായ കൈയ്യേറ്റവും അന്യന്റെ മുതലിനോടുള്ള ആർത്തിയുമാണെന്നാണ് സർക്കാരും സിപിഐ (എം) നേതാക്കളും പ്രചരിപ്പിച്ചത്. അവിടെ ഭൂരഹിതരാരും

ഇല്ലെന്നും എല്ലാവരും ഭൂമിയും വീടുമുള്ളവരാണെന്നും പറഞ്ഞു. 300-ൽ താഴെമാത്രം കുടുംബങ്ങളേ അവിടെയുള്ളൂ എന്നും പ്രചരിപ്പിച്ചുകൊണ്ട് പറഞ്ഞറിയിക്കാനാവാത്ത മൃഗീയമായ അക്രമങ്ങളാണ് ചെങ്ങറ സമരത്തിനുമേൽ ഇക്കൂട്ടർ നടത്തിക്കൊണ്ടിരുന്നത്. സ്ത്രീകളും കുട്ടികളുമടക്കം ആയിരങ്ങൾ എല്ലാം സഹിച്ചും ക്ഷമിച്ചും അചഞ്ചലം നിലകൊണ്ടു. രണ്ടു വർഷവും രണ്ടുമാസവും പിന്നിട്ടുകഴിഞ്ഞപ്പോൾ മുൻകൂറായ അറിയിപ്പില്ലാതെ സർക്കാർ നടത്തിയ സർവ്വേയിൽ 1738 കുടുംബങ്ങൾ സമരഭൂമിയിൽ ഉണ്ടെന്നും അതിൽ 907 കുടുംബങ്ങൾ സ്വന്തമായി ഒരു സെന്റ് ഭൂമി പോലും ഇല്ലാത്തവരാണെന്നും 573 കുടുംബങ്ങൾ 5 സെന്റിൽ താഴെമാത്രം ഭൂമിയുള്ളവരാണെന്നും പ്രഖ്യാപിച്ചു.

ഇതൊരു സമരമേയല്ലായെന്നും ഭൂരഹിതർ വില്ലേജിൽ അപേക്ഷ നൽകുന്ന മുറയ്ക്ക് 3 സെന്റിനപ്പുറം ആർക്കും നൽകാനുള്ള വകുപ്പില്ലെന്നും പ്രഖ്യാപിച്ചവരെക്കൊണ്ട് ഇത്തരമൊരു ഒത്തുതീർപ്പുണ്ടാക്കിക്കാൻ കഴിഞ്ഞു എന്നത് കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യത്തിൽ നിസ്സാരമായ സംഗതിയല്ല. ഇതിനിടയാക്കിയത് സമര നേതൃത്വത്തിന്റെ ഇഛാശക്തിയും പോരാളികളുടെ നിശ്ചയദാർഢ്യവുമാണ്. അതോടൊപ്പം കേരളത്തിലുടനീളം പൊതുസമൂഹം ഈ സമരത്തെ ഏറ്റെടുത്തു എന്നതാണ്. ചെറുതും വലുതുമായ മാദ്ധ്യമങ്ങളും ഈ പ്രക്ഷോഭത്തെ ജനങ്ങളിലെത്തിക്കാൻ ഏറെ സഹായിച്ചു.

ഒത്തു തീർപ്പു വ്യവസ്ഥകളെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുക സ്വാഭാവീകമാണ്. എന്നാൽ ഇതിനെതിരെ രംഗത്തു വന്നിരിക്കുന്നവർ പിന്തുണ നൽകിയകാലം മുതൽ സമര നേതൃത്വത്തോട് ഇടഞ്ഞു നിന്നവരാണ്. സമരത്തിന്റെ നയരൂപീകരണത്തിൽ പുറത്തുനിന്ന് ആരെയും ഉൾപ്പെടുത്താൻ ളാഹ ഗോപാലൻ തയ്യാറായില്ല. സമരത്തെ ഹൈജാക്ക് ചെയ്യാൻ ആരെയും അനുവദിച്ചില്ല. അതു തന്നെയാണ് ഈ സമരത്തെ വിജയകരമായി രണ്ടു വർഷവും രണ്ടു മാസവും മുന്നോട്ടു നയിച്ചത്. സാമൂഹ്യ വികാസത്തിന്റെ ചരിത്രം മനസ്സിലാക്കുന്ന ഏതൊരാൾക്കും ചെങ്ങറ സമരം ചരിത്രവിജയം നേടി എന്നുതന്നെ പറയേണ്ടി വരും.

**ഒത്തു തീർപ്പു വ്യവസ്ഥകളെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുക സ്വാഭാവീകമാണ്. എന്നാൽ ഇതിനെതിരെ രംഗത്തു വന്നിരിക്കുന്നവർ പിന്തുണ നൽകിയകാലം മുതൽ സമര നേതൃത്വത്തോട് ഇടഞ്ഞു നിന്ന വരാണ്. സമരത്തിന്റെ നയരൂപീകരണത്തിൽ പുറത്തുനിന്ന് ആരെയും ഉൾപ്പെടുത്താൻ ളാഹ ഗോപാലൻ തയ്യാറായില്ല. സമരത്തെ ഹൈജാക്ക് ചെയ്യാൻ ആരെയും അനുവദിച്ചില്ല. അതു തന്നെയാണ് ഈ സമരത്തെ വിജയകരമായി രണ്ടു വർഷവും രണ്ടു മാസവും മുന്നോട്ടു നയിച്ചത്. സാമൂഹ്യ വികാസത്തിന്റെ ചരിത്രം മനസ്സിലാക്കുന്ന ഏതൊരാൾക്കും ചെങ്ങറ സമരം ചരിത്രവിജയം നേടി എന്നുതന്നെ പറയേണ്ടി വരും.**

വൻകിട കുത്തകകൾ അനധികൃതമായി കൈവശം വക്കുകയും മറിച്ചു വിൽക്കുകയും ചെയ്യുന്ന ഭൂമിയെക്കുറിച്ച് പൊതു സമൂഹത്തിൽ സജീവ ചർച്ചയ്ക്കിടയാക്കി ചെങ്ങറ സമരം.

ഭൂപരിഷ്ക്കരണബില്ലിന്റെ പ്രയോജനം കേരളത്തിലെ ഭൂരഹിത പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമായില്ലായെന്ന് സിപിഐ (എം)നെക്കൊണ്ട് സമ്മതിപ്പിച്ചു. ചരിത്രത്തിലാദ്യമായി അവർക്ക് പട്ടികജാതിക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കൺവൻഷൻ വിളിച്ചുകൂട്ടേണ്ടി വന്നു. കൈയ്യേറ്റക്കാർക്ക് പട്ടയമേള നടത്തിക്കൊണ്ടിരുന്ന കേരളത്തിൽ ഭൂരഹിതർക്ക് ഭൂമിവിതരണ മേളകൾ പ്രഖ്യാപിക്കേണ്ടിവന്നു. 30 കൊല്ലം മുമ്പ് നൽകിയ ലക്ഷം വീടുകൾ നവീകരിക്കണം എന്ന തോന്നലുണ്ടാക്കി അതിനായി ലോട്ടറി അടിക്കേണ്ട ഗതികേടും വന്നു. ഭൂമിയും വീടുമില്ലാത്തവർക്ക് 5000 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കുമെന്നു പ്രഖ്യാപിക്കേണ്ടിവന്നു.

മന്ത്രിമന്ദിരങ്ങളിലും ഇന്നോവകാറിലും ഇരുന്നവരെ ആദിവാസി-പട്ടികജാതികോളനിയിലേക്ക് ഇറക്കിക്കൊണ്ടു വന്നു. ഗുണത്തിനോ ദോഷത്തിനോ മുഖ്യ മന്ത്രിയേയും പ്രതിപക്ഷനേതാവിനേയും ഒരു മേശയ്ക്കിരുവശവും ഇരുത്താനായ സമരം. ഒരു രാഷ്ട്രീയ കക്ഷിയുടേയും നേതൃത്വത്തിലല്ലാതെ ഒരു സമുദായ സംഘടനയുടേയും പിന്തുണ ഇല്ലാതെ സാധുജനങ്ങൾ അവരുടെ തന്നെ നേതൃത്വത്തെ സ്വയം കണ്ടെത്തുകയും സ്വന്തമായ സമര തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് അധികാരികളെ മുട്ടുകുത്തിക്കുകയും ചെയ്ത ചെങ്ങറ സമരം ഗാന്ധിജിയേയും അതിശയിപ്പിക്കുന്ന ജനാധിപത്യസമരശൈലിയിലൂടെ ലോകത്തിനു തന്നെ മാതൃക കാണിച്ചിരിക്കുകയാണ്. ശരിയായ നേതൃത്വവും സമരരീതിയുമുണ്ടെങ്കിൽ ജനങ്ങൾക്ക് എല്ലാത്തരം അനീതികൾക്കുമെതിരെ പൊരുതി മുന്നേറാൻ കഴിയുമെന്ന ദിശാ സൂചനയാണ് ചെങ്ങറ ഭൂസമരം നൽകുന്നത്.

*ജില്ലാ സെക്രട്ടറി,*
*എസ്.യു.സി.ഐ., പത്തനംതിട്ട*
*ഫോൺ : 9387066611*

## സാമൂഹ്യശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കു വേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം :

**കേരളീയം, കൊക്കാലെ, തൃശൂർ-21**
**ഫോൺ : 9446576943, 9446586943, 0487-2421385**
e-mail : robinkeraleeyam@gmail.com